നിബിഡ വനത്തിലൂടെ രാത്രികാലങ്ങളിലുൾപ്പെടെ ഗതാഗതം അനുവദിച്ചാൽ അത് വന്യമൃഗങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ കർണ്ണാടക സർക്കാരിന്റെ വനം പരിസ്ഥിതി വകുപ്പ് ഈ പദ്ധതിയെ എതിർക്കുന്നതായാണ് ചർച്ചയിൽ വെളിവായത്.

കേന്ദ്ര പ്രവാസികാര്യ വകുപ്പിന്റെ 'ഇന്ത്യയെ അറിയാൻ' എന്ന പരിപാടി

50 (4397) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പ്രവാസികാര്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന "ഇന്ത്യയെ അറിയാൻ" എന്ന പരിപാടിയുമായി സഹകരിച്ച് സംസ്ഥാനത്ത് നോർക്ക വകുപ്പ് എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിയത് ;

(ബി) ഇതേ രീതിയിലുള്ള ഏതൊക്കെ പരിപാടികളാണ് വരും വർഷങ്ങളിൽ സംസ്ഥാന പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതു സംബന്ധിച്ച എന്തെങ്കിലും പുതിയ പരിപാടികളെക്കുറിച്ച് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009 ഡിസംബർ 28 മുതൽ 2010 ജനുവരി 6 വരെ കാലയളവിൽ, കേന്ദ്ര പ്രവാസികാര്യ വകുപ്പ് നടപ്പാക്കിയ 13-ാമത് "ഇന്ത്യയെ അറിയാൻ" (Know India Programme) എന്ന പരിപാടിയിൽ കേരളം പങ്കെടുത്തിരുന്നു. കേന്ദ്ര സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് 16 രാജ്യങ്ങളിൽ നിന്നായി 40 അംഗ പ്രവാസി യുവജനസംഘം കേരളവും സന്ദർശിക്കുകയുണ്ടായി. അവരെ നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ പ്രകൃതി ഭംഗിയും, സംസ്ക്കാരവും പരിചയപ്പെടുത്തുകയും ഐ.എസ്.ആർ.ഒ. സ്പേസ് മ്യൂസിയം സന്ദർശനം, കളമശ്ശേരി രാജഗിരി കോളേജിലെ മാനേജ്മെന്റ് സംവാദം, കേരള കലാമണ്ഡലത്തിലെ തനതു കലകൾ പരിചയപ്പെടുത്തൽ, കുമ്പളങ്ങി ഗ്രാമ സന്ദർശനം, മൂന്നാർ സന്ദർശനം എന്നീ പരിപാടികളിൽ പങ്കെടുപ്പിച്ചു. കൂടാതെ അവർക്ക് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുമായി ആശയവിനിമയത്തിനുള്ള സൗകര്യവും ചെയ്തിരുന്നു.

(ബി) ഇത്തരത്തിലുള്ള കൂടുതൽ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര പ്രവാസികാര്യ വകുപ്പിൽനിന്നും സംസ്ഥാനത്തിന് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(സി & ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly